**No. CEE/4848/2013/KEAM-2014/TA1**

കേരള സരക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2014–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സ് പ്രവേശനം മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2014–ലെ എം.ബി.ബി.എസ്./ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

മൂന്നാം ഘട്ട അലോട്ട് മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ്/അധിക തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **24.07.2014, 25.07.2014** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് മൂന്നാം ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ **2014 ജൂലൈ 24, 25** തീയതികളിൽ SBT ബ്രാഞ്ചിൽ അടയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതും അവർ ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ ഫീസ്/അധിക തുക SBT ബ്രാഞ്ചിൽ അടച്ചതിനു ശേഷം അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. പ്രവേശനത്തിനുള്ള ഷെഡ്യൂൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എന്നാൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ എന്നിവ ഒഴികെയുള്ള കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയതികളിൽ ഫീസ്/ അധിക തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിൽ അടച്ചാൽ മാത്രം മതിയാകും. ഇവർ അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതില്ല.

മൂന്നാം ഘട്ട അലോട്ട്മെന്റ് സർക്കാർ/ സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. മൂന്നാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

| കോളേജ് | ഫീസ് അടയ്ക്കേണ്ട തീയതികൾ | കോളേജിൽ പ്രവേശനം നേടേണ്ട തീയതികൾ |
|---|---|---|
| സർക്കാർ/ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ | **24.07.2014 & 25.07.2014** | **24.07.2014, 25.07.2014, 30.07.2014** |
| സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകൾ | **24.07.2014 & 25.07.2014** | **24.07.2014 & 25.07.2014** |

**സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 24, 25, 30 തീയതികളിൽ പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് 31–ാം തീയതി രാവിലെയും, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിൽ 24–ാം തീയതി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് 25–ാം തീയതി ഉച്ചയ്ക്കു ശേഷവും പ്രവേശനം നേടാവുന്നതാണ്.**

എല്ലാ കോളേജ് അധികാരികളും **31.07.2014 വൈകുന്നേരം 5** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മിഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

***കുറിപ്പ്:*** *മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ്/ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കപ്പെടുന്നതാണ്.*

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
23.07.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**